**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3399** **01-03-2023 - ൽ മറുപടിയ്ക്ക്**

**കൊട്ടാരക്കര താലൂക്ക് സർവേ ആഫീസിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൊട്ടാരക്കര താലൂക്ക് സർവേ ഓഫീസിൽ ഭൂസർവേ നടത്തുന്നതിനുള്ള എത്ര അപേക്ഷകൾ കെട്ടികിടക്കുന്നുണ്ടെന്ന വിവരം അറിയിക്കുമോ; | (എ) | തീർപ്പാക്കാനായി ബാക്കി നിൽക്കുന്ന അപേക്ഷകളുടെ എണ്ണം - 2579 |
| (ബി) | പ്രസ്തുത ഓഫീസിൽ നിലവിൽ എത്ര ജീവനക്കാരുണ്ട് ; പ്രതിമാസം എത്ര ഭൂസർവേകൾ ഇവർ നടത്തിവരുന്നുണ്ട്; ഈ സാമ്പത്തിക വർഷം ജനുവരി 31 വരെ എത്ര സർവേകൾ പൂർത്തിയാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | കൊട്ടാരക്കര ഭൂരേഖ തഹസിൽദാരുടെ ആഫീസിൽ സർവ്വെ വിഭാഗത്തിൽ 2 ഹെഡ് സർവ്വെയർമാരും 5 സർവ്വെയർമാരുമുള്ളതും, ഇതിൽ 3 സർവ്വെയർമാരെ NH 744 സ്ഥലം ഏറ്റെടുക്കൽ ജോലികൾക്കായി നിയമിച്ചിട്ടുള്ളതുമാണ്. ഒരു സർവ്വെയർ ശരാശരി 38 ഫയലുകൾ ഒരുമാസം തീർപ്പാക്കുന്നു. ഈ സാമ്പത്തിക വർഷം ജനുവരി മാസം 31 വരെ 1983 സർവ്വെ കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. |
| (സി) | ഭൂസർവേ നടത്തി വിവരം ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് മേലിലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറി താലൂക്ക് സർവേയർക്ക് നൽകിയ എത്ര അപേക്ഷകൾ കെട്ടി കിടക്കുന്നുണ്ടെന്ന വിവരം അവ ലഭിച്ച തീയതി സഹിതം ലഭ്യമാക്കുമോ; | (സി) | ഈ സാമ്പത്തിക വർഷം ജനുവരി 31 വരെ മേലില ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും 7 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും ആയതിൽ 3 എണ്ണം അന്തിമ തീരുമാനം എടുത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതും നിലവിൽ 4 ഫയലുകളിൽ നടപടി നടന്നു വരുന്നതുമാണ്. തീർപ്പാക്കാൻ ശേഷിക്കുന്ന ഫയലുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | കൊട്ടാരക്കര താലൂക്ക് സർവേയറുടെ ഓഫീസിൽ പരിശോധനയ്ക്കായി മേലുദ്യോഗസ്ഥർ സന്ദർശനം നടത്താറുണ്ടോ; എങ്കിൽ അവസാനമായി സന്ദർശിച്ചത് എന്നാണ്; വിശദാംശം ലഭ്യമാക്കുമോ; | (ഡി) | ഉണ്ട്. അവസാനമായി ജില്ലാ സർവ്വെ സൂപ്രണ്ട് 17/01/2023 ൽ പരിശോധന നടത്തിയിട്ടുണ്ട്. |
| (ഇ) | സർവേയ്ക്കുള്ള അപേക്ഷകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | നിലവിലുള്ള സർവ്വെയർമാരുടെ സേവനം ലഭ്യമാക്കി പരാതിക്കിടവരാത്തവിധം ഇത്തരം അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ഫയൽ നമ്പർ | അപേക്ഷ നമ്പർ | ലഭിച്ച തീയതി |
|---|---|---|
| ബി14- 12411/22 | 400286/AMCA02/GPO/2022/1557/(2) dt 22/07/2022 | 30/07/2022 |
| ബി14- 19838/22 | 400286/BAUV01/GPO/2022/4624/(1) dt 22/11/2022 | 01/12/2022 |
| ബി14- 65/23 | 400286/ NRWC01/GPO/2022/7025/(1) dt 30/12/2022 | 05/01/2023 |
| ബി14 - 1085/23 | SC1/5913/2022/ dt 24/01/23 | 28/01/2023 |